**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2304** **06-07-2022 - ൽ മറുപടിയ്ക്ക്**

**കർണ്ണാടക അതിർത്തികളിലൂടെയുള്ള ലഹരിക്കടത്ത് തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കർണ്ണാടക അതിർത്തികളിലൂടെ കാസർഗോഡ് ജില്ലയിലേക്ക് വ്യാപകമായ തോതിൽ മദ്യവും മയക്കമരുന്നും കടത്തുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | കർണ്ണാടക അതിർത്തികളിലൂടെ കാസർഗോഡ് ജില്ലയിലേക്ക് മദ്യവും മയക്കമരുന്നും കടത്തുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുവാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേജർ ചെക്ക്പോസ്റ്റായ മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ മുഴുവൻ സമയവും വാഹന പരിശോധന നടത്തി വരുന്നതോടൊപ്പം ജില്ലയിലെ ഹൈവേ പട്രോൾ ടീം ചെക്ക്പോസ്റ്റ് ടീമിനൊപ്പം ചേർന്ന് മറ്റ് റോഡുകളിലും പരിശോധന നടത്തി വരുന്നു. മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ CCTV സ്ഥാപിച്ച് ആയതിന്റെ പ്രവർത്തനം കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസുകളിൽ നിരീക്ഷിച്ച് വരുന്നുണ്ട്. അഡൂർ, പെർല എന്നീ ചെക്ക്പോസ്റ്റുകളിൽ, ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചവരെ കൂടാതെ ബദിയഡുക്ക റെയ്ഞ്ച് ടീമും ചെക്ക്പോസ്റ്റ് ടീമിനൊപ്പം ചേർന്ന് വിവിധ സമയങ്ങളിൽ കർശന വാഹന പരിശോധന നടത്തി വരുന്നുണ്ട്. |
| (ബി) | ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ പരിശോധന ഏർപ്പെടുത്തുമോയെന്ന് അറിയിക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടില്ലാത്ത റോഡുകളിലും, ഊട് വഴികളിലും ജില്ലയിലെ വിവിധ എക്സൈസ് ഓഫീസുകളിൽ നിന്ന് വിവിധ സമയങ്ങളിൽ പട്രോളിംഗ് നടത്തുന്നുണ്ട്. കാസർഗോഡ്, ഹോസ്ദുർഗ് എക്സൈസ് സർക്കിൾ ഓഫീസുകളിൽ പ്രവർത്തിക്കുന്ന രണ്ട് സ്ട്രൈക്കിംഗ് |

| | | | |
|---|---|---|---|
| | | | ഫോട്ടുകൾ ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ നിരീക്ഷണവും പരിശോധനയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ